കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail : doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-8/1145/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 04994-256690.

തിയ്യതി :14.11.2017

സീനിയർ ഡപ്യൂട്ടി ഡയറക്ടർ.

*പ്രസിഡന്റ്*,

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്.

(സെക്രട്ടറി മുഖേന).

സർ,

വിഷയം : കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ),കാസറഗോഡ്.

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ- കെ.എസ്.ഡി-8/1145/2017 തിയ്യതി: 14.11.2017

# കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മാത്രമെ മറുപടി ലഭിച്ചിട്ടുള്ളൂ. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ

മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ.സലീം,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-10-2017മുതൽ 03-11-2017വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര് | തസ്തിക |
|---|---|
| കിരൺദാസ്.പി | ഓഡിറ്റ് ഓഫീസർ. |
| രഘുനാഥൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ഷാജു തോമസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഗൗരി.എം. | 01-04-2016മുതൽ31-03-2017വരെ |
| സെക്രട്ടറി | ശ്രീ.വി.സുരേഷ് കുമാർ | 01-04-2016 മുതൽ12-08-2016വരെ |
| | ശ്രീ.ഗോവിന്ദൻ.സി.പി (I/C) JBDO(EGS) | 13-08-2016മുതൽ15-03-2017വരെ |
| | ശ്രീ.ശാന്താറാം.വി. | 16-03-2017 മുതൽ31-03-2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.പി.കെ.കമലാക്ഷൻ | 01-04-2016മുതൽ 31-03-2017വരെ |
| എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | ശ്രീ.പവിത്രൻ.വി. | 01-04-2016മുതൽ 31-03-2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അനിൽകുമാർ.പി.വി. | 01-04-2016മുതൽ 31-03-2017വരെ |
| കൃഷി അസിസ്റ്റന്റ്ഡയറക്ടർ | ശ്രീമതി.സജനിമോൾ.കെ | 01-04-2016മുതൽ 31-03-2017വരെ |
| സി.ഡി.പി.ഒ. | 1)ശ്രീമതി.ബേബി.പി(I/C)ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>2)ശ്രീമതി.സുമ.ടി.എസ് | 01-04-2016മുതൽ 01-12-2016വരെ<br>02-12-2016മുതൽ 31-03-2017വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി പെരിയ | ഡോ.രാജമോഹനൻ.ഐ.എ. | 01-04-2016മുതൽ<br>31-03-2017വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം – 2 | |
| 10 | ബ്ലോക്ക് പഞ്ചായത്തിന്റേതായി വാടകയ്ക്ക് നല്കുന്ന കെട്ടിടങ്ങളുടെ വാടക വരവ് - അപാകതകൾ | 2-1 |
| | ഭാഗം 3 | |
| 11 | ദേശീയവികലാംഗ പുനരധിവാസ പദ്ധതി വിഹിതം | 3-1 |
| 12 | വയോജന പരിപാടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയത്. | 3-2 |
| 13 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് -അപാകത | 3-3 |
| 14 | സ്വയം സഹായ സംഘങ്ങളുടെ ചെലവ് സംബന്ധിച്ച വൗച്ചറുകൾ ഹാജരാക്കിയില്ല. | 3-4 |
| 15 | വാഴക്കന്നുകൾ വാങ്ങിയതിന്റെ വൗച്ചറുകൾ ഹാജരാക്കിയില്ല. | 3-5 |
| 16 | കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റൽ-അപാകതകൾ | 3-6 |

| | | |
|---|---|---|
| 17 | കാർഷീക കർമ്മസേനക്ക് ടില്ലർ വാങ്ങി നൽകൽ-അപാകത | 3-7 |
| 18 | പത്ര പരസ്യത്തിന് അധികനിരക്ക് നൽകിയത് | 3-8 |
| 19 | മെഡിക്കൽ ഓഫീസർ -സി. എച്ച്. സി. പെരിയ - സ്റ്റോക്ക് രജിസ്റ്റർ അപാകതകൾ | 3-9 |
| 20 | ഗ്രാമീണമാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും- നിഷ്ക്രിയ ആസ്തി | 3-10 |
| | ഭാഗം 4 | |
| 21 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


<u>അനുബന്ധം</u>

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്.

2) ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്.

3) റസീറ്റ് & പേമെന്റ് അക്കൗണ്ട്.

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>ബജറ്റ്</u>

2016-17 വർഷത്തെ ബജറ്റ് 24.02.2016ലെ ഭരണസമിതി തീരുമാനം നമ്പർ (1) പ്രകാരം അംഗീകരിക്കുകയുണ്ടായി. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 18,80,000 |
| വരവ് | 27,55,84,590 |
| ആകെ | 27,74,64,590 |
| ചെലവ് | 27,36,98,590 |

| | |
|---|---|
| നീക്കിയിരിപ്പ് | 37,66,000 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 03.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 26-10-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

അപാകതകൾ

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2)ബാലൻസ് ഷീറ്റിലെ B-11(a) ഷെഡ്യൂൾ പ്രകാരം കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ഉൾപ്പെടുത്തിയ തുകയ്ക്ക് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3)നീക്കിയിരിപ്പ് പരിശോധനയിൽ താഴെപ്പറയുന്ന മൂന്ന് അക്കൗണ്ടുകൾ വർഷാന്ത്യത്തിൽ റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

a)സിൻഡിക്കറ്റ് ബാങ്ക് മിസല്ലേനിയസ് -അക്കൗണ്ട് നം.36781

b)എസ്.ബി.ടി- ഐ.എ.വൈ (പ്ലാൻ ഫണ്ട്)-അക്കൗണ്ട് നം.5364

c)എസ്.ബി.ടി- ഐ.എ.വൈ (സ്റ്റേറ്റ് ഷെയർ)-അക്കൗണ്ട് നം.7153

4)ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് -ചെലവ് വിവരങ്ങൾ റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 3,80,82,340 |
| വരവ് | 6,15,58,618 |
| ആകെ | 9,96,40,958 |
| ചെലവ് | 6,20,97,457 |
| നീക്കിയിരിപ്പ് | 3,75,43,501 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ് സഞ്ചിത | ചെലവ് |
|---|---|---|---|---|---|---|

| | | വരവ് | | | നിധിയിൽ ലയിപ്പി ക്കപ്പെട്ടത് | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്(പൊതു വിഭാഗം) | 0 | 2,87,94,077 | 2,87,94,077 | 2,13,70,414 | 74,23,663 | 74.22% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 73,02,753 | 73,02,753 | 27,50,383 | 45,52,370 | 37.66% |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 88,524 | 88,524 | 88,524 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് (നോൺ-റോഡ്) | 0 | 47,76,701 | 47,76,701 | 31,83,466 | 15,93,235 | 66.64% |
| *** എം.ജി.എൻ.ആർ. ഇ.ജി | 54,000.87 | 7,78,202 | 8,32,203 | 8,19,985 | 12218 | 98.5% |

(*** ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്- ചെലവ് വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ്&പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യം ഖണ്ഡിക 1-3 ൽ വാർഷിക ധനകാര്യ പത്രികയിലെ അപാകതകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 90 | 71 | - | 19 | 79% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 22 | 3,10,64,539 | 20 | 1,56,40,593 | 50.35% |
| 2 | ശിശുവികസന പദ്ധതി ഓഫീസർ | 06 | 22,06,700 | 06 | 21,45,206 | 97.21% |
| 3 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. പെരിയ | 08 | 21,58,323 | 08 | 21,51,372 | 99.67% |
| 4 | പട്ടികജാതി വികസന | 03 | 3,36,980 | 03 | 3,35,880 | 99.7% |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ | | | | | |
| 5 | കൃഷി അസി.ഡയറക്ടർ | 05 | 44,43,836 | 05 | 24,95,060 | 56.15% |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02 | 21,50,000 | 02 | 8,50,000 | 39.53% |
| 7 | വ്യവസായ വികസന ഓഫീസർ | 01 | 6,00,000 | 0 | 0 | 0 |
| 8 | അസി.എക്സി.എഞ്ചിനീയർ | 43 | 1,76,78,657 | 27 | 41,87,521 | 23.69% |
| | ആകെ | 90 | 6,06,39,035 | 71 | 2,78,05,632 | 45.85% |

2016-17 വർഷം ആകെ 90 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും 71 പദ്ധതികളാണ് പൂർണ്ണമായും നടപ്പാക്കുവാൻ സാധിച്ചത്. ആകെ പദ്ധതി അടങ്കലിന്റെ 45.85% മാത്രമാണ് തൻവർഷം വിനിയോഗിക്കുവാൻ സാധിച്ചത്. പൊതുമരാമത്ത് മേഖലയിൽ ആകെ അംഗീകാരം ലഭിച്ച 43പദ്ധതികളിൽ 27 എണ്ണം നടപ്പാക്കുന്നതിനായി 41,87,521/- രൂപ വിനിയോഗിക്കുകയുണ്ടായി. ഈ മേഖലയിലെ ആകെ പദ്ധതി അടങ്കലിന്റെ 23.69% മാത്രമാണ് ചെലവ്. സെക്രട്ടറി, കൃഷി ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ ചെലവ് ശതമാനം താരതമ്യേന കുറവാണ്. വ്യവസായവികസന മേഖലയിൽ അംഗീകാരം ഒരു പദ്ധതി, വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയിട്ടില്ല. സങ്കീർണ്ണമായ ഒട്ടുവളരെ പ്രവർത്തനങ്ങളിലൂടെ രൂപപ്പെടുത്തുന്ന പദ്ധതികൾ ഈ വിധം പൂർത്തിയാക്കാതിരിക്കുന്നത് ഗൗരവമായി കാണേണ്ടതാണ്. ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## **1-7** തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | 90,600 | 1,05,600 | 15,000 | (+)16.56% |
| മറ്റുള്ളവ | - | - | - | - |
| ആകെ | 90,600 | 1,05,600 | 15,000 | (+)16.56% |

## **1-8** ക്യാഷ് വെരിഫിക്കേഷൻ

ഓഡിറ്റ് തീയതികളിൽ ക്യാഷ് ബാലൻസ് ഇല്ല.

## **1-9** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.17 to 27.10.17 | 2016-17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 01.06.2015 | 01.07.14 to | OA(HQ)111/11 |

| | | | |
|---|---|---|---|
| ജനറൽ ഓഡിറ്റ് | to<br>04.06.2015 | 31.05.2015 | /282/15-16/176,<br>dt.22.06.15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബ്ലോക്ക് പഞ്ചായത്തിന്റേതായി വാടകയ്ക്ക് നല്കുന്ന കെട്ടിടങ്ങളുടെ വാടക വരവ് - അപാകത

എ)വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റേതായി വാടകയ്ക്ക് നല്കുന്ന 2 കെട്ടിടങ്ങൾ കോടതി റോഡിലും ബ്ലോക്ക് പഞ്ചായത്ത് പരിസരത്തും നിലനിൽക്കുന്നുണ്ട്. ഈ രണ്ട് കെട്ടിടങ്ങളും വാടകക്ക് നൽകിയിട്ടുണ്ട്. കോടതി റോഡിൽ സ്ഥിതി ചെയ്യുന്ന വലിയ ഇരുനിലകെട്ടിടത്തിൽ 7 മുറികളും, ഒരു ഹാളും ഉണ്ട്. രണ്ടാമത്തെ കെട്ടിടം കാന്റീൻ നടത്തിപ്പിന് വാടകക്ക് നൽകിയിരിക്കുന്നു. ഈ കെട്ടിടങ്ങളുടെ വാടകപിരിവ് സംബന്ധിച്ച് യാതൊരു രജിസ്റ്ററും നിലവിൽ ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. അതിനാൽ എത്ര തുക മാസവാടക നിശ്ചയിച്ചാണ് വാടകയ്ക്ക് നല്കിയിരിക്കുന്നത് എന്നും, ആർക്കാണ് വാടകയ്ക്കു നല്കിയിരിക്കുന്നത് എന്നും, ഏത് തീയ്യതി മുതലാണ് വാടകയ്ക്കു നല്കിയിരിക്കുന്നത് എന്നും, വാടകക്കാരനുമായി ഒപ്പിട്ട കരാർ, നാളിതുവരെയായി ഓരോ വാടകക്കാരനും എത്ര തുക വാടക ഇനത്തിൽ (രശീതി നമ്പർ,തീയതി എന്നിവ സഹിതം)ഒടുക്കി എന്നും, വാടകക്കാരൻ യഥാസമയം വാടക ഒടുക്കിയില്ലെങ്കിൽ കരാർ പ്രകാരമുള്ള പിഴപലിശ ഈടാക്കിയിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാടക രജിസ്റ്റർ സൂക്ഷിക്കാത്തത് ഗുരുതരമായ കൃത്യവിലോപമായാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ആയതുകൊണ്ട് തന്നെ മേൽ പറഞ്ഞ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വാടക രജിസ്റ്റർ അടിയന്തിരമായും തയ്യാറാക്കി, യഥാസമയം വാടക ഒടുക്കാത്ത വാടകക്കാരുണ്ടെങ്കിൽ അവരിൽ നിന്നും വാടകയും പിഴപ്പലിശയും ഈടാക്കേണ്ടതാണ്. തുക പിരിച്ചെടുത്തതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാടക കൃത്യമായി ഒടുക്കാത്തത്/പിഴപ്പലിശ ഈടാക്കാത്തത് സംബന്ധിച്ച ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.(രശീത് ബുക്ക് പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയത്)

| റൂം നമ്പർ | വാടകക്കാരൻ | നിലവിലെ പ്രതിമാസ വാടക | മാസം | ഒടുക്കിയ തുക | രശീത് നം./ തിയ്യതി |
|---|---|---|---|---|---|
| KMC-XIV/825 | തുല്യതാ മഹിളാസമാജം | 1,000/- | 01/15 to 03/16, | 15,000/- | 10/39- തി.28.09.16 |
| | | | 04/16 to 06/17 | 15,000/- | 67/39- തി.31.07.17 |
| KMC-XIV/826 | കെ.രാമചന്ദ്രൻ നായർ | 3,000/- | 02/17 | 3000/- | 57/39- തി.18.05.17 |
| | | | 03/17 to 04/17 | 6,000/- | 68/39- തി.09.08.17 |
| KMC-XIV/827 | അഡ്വ. | 3,000/- | 05/17 | 6,000/- | 65/39- |

| | | | | | |
|---|---|---|---|---|---|
| | സുനിമോൾ | | to 06/17 | | തി.12.07.17 |
| | | | 07/17 | 3,000/- | 72/39- തി.30.08.17 |
| | | | 08/17 | 3,000/- | 82/39- തി.30.10.17 |
| KMC-XIV/828 | അഡ്വ.സി.കെ.ഉണ്ണികൃഷ്ണൻ | 3,000/- | 06/17 to 10/17 | 15,000/- | 83/39- തി.02.11.17 |

ബി)ബൈലോ തയ്യാറാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങൾ വാടകയ്ക്ക് നല്കുമ്പോൾ വാടക സംബന്ധിച്ച ഒരു ബൈലോ തയ്യാറാക്കേണ്ടതും ആയതിന് തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുമായിട്ടുണ്ട്.എന്നാൽ ഇത്തരത്തിലുള്ള ഒരു ബൈലോ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കേണ്ടതും തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ദേശീയവികലാംഗ പുനരധിവാസ പദ്ധതി വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ – സി.ഡി.പി.ഒ
പ്രൊജക്ട് നമ്പർ - 18/17

ബിൽ നമ്പർ - 01/16-17/23.11.2016 – 4,28,350/-രൂപ

ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായുള്ള ദേശീയവികലാംഗ പുനരധിവാസ പദ്ധതിക്ക് (NPRPD) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മേൽ ബില്ല് പ്രകാരം 4,28,350/-രൂപ സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസറഗോഡിന് കൈമാറിയിട്ടുണ്ട്. (ഡിഡി നമ്പർ 994548/03.12.2016) ഈ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.02/30.10.17 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 4,28,350/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-2 വയോജന പരിപാടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സി.ഡി.പി.ഒ
പ്രൊജക്ട് നമ്പർ - 69/17

ബിൽ നമ്പർ - 03/16-17/22.02.17 – 2,00,000/- രൂപ

ബിൽ നമ്പർ - 04/16-17/28.02.17 – 4,00,000/- രൂപ

പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പാക്കം ആയുർവ്വേദ കേന്ദ്രത്തിന് അനുബന്ധമായി വയോജനങ്ങൾക്ക് വിശ്രമകേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിക്ക് 2,00,000/- രൂപയും, മടിക്കൈ ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് പകൽവീട് എന്ന പദ്ധതിക്ക് 4,00,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തിയിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തുകൾ വയോജനങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന ഈ രണ്ട് പദ്ധതികളും പൂർത്തീകരിച്ചതിന്റെ വിവിരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, കൂടാതെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ 6,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.02/30.10.17 പ്രകാരം ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 6,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് -അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ – സി.ഡി.പി.ഒ

പ്രൊജക്ട് നമ്പർ - 74/17

ബിൽ നമ്പർ - 08/16-17/30.03.17 – 2,53,850/-രൂപ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 181, 18.9.1995 ലെ സർക്കാർ ഉത്തരവ് നം.189/95 /ത.സ്വ.ഭ.വ. എന്നിവ പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളിൽപ്പെട്ട സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരേയും ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. 29.03.1999ലെ സർക്കാർ ഉത്തരവ് നം. 69/99/ത.സ്വ.ഭ.വ. ഉത്തരവിലൂടെ ബ്ലോക്ക് പഞ്ചായത്തിൽ ക്ഷീരവികസന മേഖലയിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ശിശുവികസന മേഖലയിൽ ശിശുവികസന ഓഫീസർ എന്നിവരെ പദ്ധതികൾ നടപ്പിലാക്കാൻ നിയോഗിച്ചിട്ടുണ്ട്. പക്ഷെ മേൽഉദ്യോഗസ്ഥരുടെ കാര്യാലയങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറി നൽകിയിട്ടില്ല. ആയതിനാൽ തന്നെ മേൽകാര്യാലയങ്ങളിലെ ഓഫീസ് ആവശ്യത്തിനുള്ള ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതില്ല.

എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി സി.ഡി.പി.ഒ കാഞ്ഞങ്ങാട് ഓഫീസ്, സി.ഡി.പി.ഒ. കാഞ്ഞങ്ങാട് അഡീഷണൽ ഓഫീസ് എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് സി.ഡി.പി.ഒ. കാഞ്ഞങ്ങാട്, പ്രൊജക്ട് നമ്പർ - 74/17 പ്രകാരം 2,53,850/-രൂപ ചെലവഴിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 7(4), തിയ്യതി 22.12.16 പ്രകാരം കെൽട്രോണിൽ നിന്നും പ്രിന്റർ(2 എണ്ണം) ഫോട്ടോസ്റ്റാറ്റ് മെഷീൻ(1), യു.പി.എസ് (2 എണ്ണം) എന്നിവയും, സി.ഡി.പി.ഒ. കാഞ്ഞങ്ങാട് അഡീഷണൽ ഓഫീസിലേക്ക് കമ്പ്യൂട്ടർ(1), പ്രിന്റർ(1) , ഫോട്ടോസ്റ്റാറ്റ് മെഷീൻ(1), യു.പി.എസ്(1) എന്നിവയാണ് വാങ്ങിയിട്ടുള്ളത്. പർച്ചേസ് സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തിയ്യതി | വാങ്ങിയ ഉപകരണം | എണ്ണം | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ITBG/16-17 /8352/ITP /2547, dt.20.02.17 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ | 1 | 45,000/- | സി.ഡി.പി.ഒ. കാഞ്ഞങ്ങാട് ഓഫീസ് |
| 2 | ITBG/16-17 /8352/ITP /2547, dt.20.02.17 | എപ്സൺ പ്രിന്റർ | 3 | 44,100/- | സി.ഡി.പി.ഒ. കാഞ്ഞങ്ങാട് ഓഫീസ്- 2<br>സി.ഡി.പി.ഒ. കാഞ്ഞങ്ങാട് അഡീഷണൽ ഓഫീസ് -1 |
| 3 | ITBG/16-17 /8185/ITP | RICOH കമ്പനിയുടെ | 2 | 1,33,850/- | സി.ഡി.പി.ഒ. കാഞ്ഞങ്ങാട് |

| | | | | | |
|---|---|---|---|---|---|
| | /2445, dt.11.02.17 പ്രകാരം | ഫോട്ടോസ്റ്റാറ്റ് മെഷീൻ | | | ഓഫീസ്- 1<br>സി.ഡി.പി.ഒ. കാഞ്ഞങ്ങാട് അഡീഷണൽ ഓഫീസ് -1 |
| 4 | KSEDC/CLT /OA/1283, dt.18.03.17 | 600KVA യു.പി.എസ് | 3 | 30,900/- | സി.ഡി.പി.ഒ കാഞ്ഞങ്ങാട് ഓഫീസ്- 2<br>സി.ഡി.പി.ഒ. കാഞ്ഞങ്ങാട് അഡീഷണൽ ഓഫീസ് -1 |
| ആകെ | | | | 2,53,850/- | |

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകളിലൊന്നും ഈ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊടുത്തതായി പറഞ്ഞിട്ടില്ല. അതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടാത്ത കാര്യാലയത്തിലേക്ക് ഓഫീസ് ആവശ്യത്തിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് ക്രമപ്രകാരമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 09/02.11.17 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,53,850/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 സ്വയം സഹായ സംഘങ്ങളുടെ ചെലവ് സംബന്ധിച്ച വൗച്ചറുകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | ജൈവ പച്ചക്കറി കൃഷി വികസനം |
| പ്രൊജക്റ്റ് നമ്പർ | 19/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.ഡയരക്ടർ,കൃഷി |
| ചെലവ് തുക | 6,50,000/- രൂപ(വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ /തീയതി | 1/16-17തീയതി 19.03.2017= 1,54,762/-രൂപ |
| | 4/16-17തീയതി 31.03.2017=4,95,238/-രൂപ |

വിവിധ ഗ്രൂപ്പുകൾക്ക് ജൈവപച്ചക്കറി കൃഷി നടത്തുന്നതിനായി വിത്തിന്റെ വില,കൂലി ചെലവ്,ജൈവ വളത്തിന്റെ വില,കീടനാശിനിക്കുള്ള ചെലവ് എന്നീ ഇനങ്ങളിൽ ധനസഹായം നല്കി പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്നതാണ് മേൽ പ്രൊജക്റ്റ്കൊണ്ട് വിഭാവനം ചെയ്തത്. ആകെ 80 ഗ്രൂപ്പുകൾക്കാണ് ഈ പദ്ധതി പ്രകാരം സബ്സിഡി വിതരണം ചെയ്തത്. ഇതിൽ ബിൽ നമ്പർ 4/16-17തീയതി 31.03.2017പ്രകാരം മാറിയ 4,95,238/-രൂപയിൽ നിന്നും 2,16,679/- രൂപ താഴെ കാണിച്ചിരിക്കുന്ന 36 കർഷക ഗ്രൂപ്പുകൾക്കാണ് സബ്സിഡിയായി നല്കിയത്. എന്നാൽ ഈ ഗ്രൂപ്പുകൾ വിത്തു വാങ്ങിയതിന്റെ വൗച്ചർ, കൂലി നല്കിയത് സംബന്ധിച്ച വൗച്ചർ, ജൈവ വളത്തിന്റെ വില നല്കിയത് സംബന്ധിച്ച വൗച്ചർ, കീട നാശിനി വാങ്ങിയത് സംബന്ധിച്ച വൗച്ചർ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | ചെലവ് തുക | | | | | സബ്സിഡി ഇനത്തിൽ |
|---|---|---|---|---|---|---|---|
| | | വിത്തിന്റെ | കൂലി | ജൈവ | കീട | ആകെ | |

| | | വില | ചെലവ് | വളത്തിന്റെ വില | നാശിനിക്കുള്ള ചെലവ് | ചെലവ് | നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | കാഞ്ഞിരട്ടക്കം സ്വയം സഹായസംഘം | 1,200 | 8,000 | 10,000 | 1,000 | 20,200 | 11,180 |
| 2 | പൊൻപുലരി അക്ടിവിറ്റി ഗ്രൂപ്പ് | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 3 | നീർക്കടം ജെ.എൽ.ജി | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 4 | പൊൻകതിർ ആക്ടിവിറ്റി ഗ്രൂപ്പ് | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 5 | വരദായിനി ജെ.എൽ.ജി. | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 6 | ആരതി ജെ.എൽ.ജി | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 7 | മാനസ ജെ.എൽ.ജി,ചെറുവളം | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 8 | ദൃശ്യ കുടുംബശ്രീ,മരുതോട്ട് | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 9 | ത്രിവേണി ജെ.എൽ.ജി,പുല്ലൂർ | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 10 | ഗംഗ ജെ.എൽ.ജി,ഹരിപുരം | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 11 | അമൃത ജെ.എൽ.ജി,പെരളം | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 12 | നന്മ ജെ.എൽ.ജി,ഹരിപുരം | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 13 | ഹരിത ജെ.എൽ.ജി,പുല്ലൂർ | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 14 | മധുരിമ കുടുംബശ്രീ മധുരംപാടി | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 15 | ഹരിതം ജെ.എൽ.ജി,കുറുമ്പലം | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 16 | ഉമ ജെ.എൽ.ജി ഹരിപുരം | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 17 | സമൃദ്ധി ജെ.എൽ.ജി കേളോത്ത് | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 18 | അശ്വതി ജെ.എൽ.ജി, വള്ളിയാട്ടിൽ | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 19 | ത്രിവേണി ജെ.എൽ.ജി പെരിയ | 600 | 4,000 | 5,000 | 500 | 10,100 | 5,590 |
| 20 | ധനലക്ഷ്മി ആക്ടിവിറ്റി ഗ്രൂപ്പ് ,കള്ളിയോട്ട് | 300 | 2,000 | 2,500 | 250 | 5,050 | 2,795 |

| | | | | | | | |
|---|---|---|---|---|---|---|---|
| 21 | പ്രീയദർശിനി ജെ.എൽ.ജി,കുരങ്ങാറ | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 22 | ശ്രീദുർഗ്ഗ ജെ.എൽ.ജി,ഹരിപുരം | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 23 | ജയ ജെ.എൽ.ജി പെരിയ | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 24 | ആതിര ജെ.എൽ.ജി കേളോത്ത് | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 25 | അമ്മ ജെ.എൽ.ജി ,പുല്ലൂർ | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 26 | പുലരി ജെ.എൽ.ജി മധുരംപാടി | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 27 | ജ്യോതി ജെ.എൽ.ജി ,മധുരംപാടി | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 28 | ആവണി ഗ്രൂപ്പ് സംഘകൃഷി,മധുരംപാടി | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 29 | സൂര്യകാന്തി ജെ.എൽ.ജി ,പുളിക്കൽ | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 30 | ഹരിത ജെ.എൽ.ജി ,എച്ചിലാട്ടുക്കം | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 31 | നയന ജെ.എൽ.ജി ഹരിപുരം | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 32 | സഫല ജെ.എൽ.ജി , ഹരിപുരം | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 33 | നവോദയ ഗ്രൂപ്പ് സംഘകൃഷി,മധുരംപാടി | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 34 | ത്രിവേണി ജെ.എൽ.ജി,ഹരിപുരം | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 35 | ഉദയ ഗ്രൂപ്പ് സംഘകൃഷി,മധുരംപാടി | 300 | 2,000 | 2,500 | 250 | 5,050 | 2,795 |
| 36 | പ്രവാസി പുരുഷ സ്വയം സഹായക സംഘം,പെരിയബസാർ | 6,600 | 44,000 | 55,000 | 5,500 | 1,11,100 | 60,159 |
| | ആകെ | 23,400 | 1,56,000 | 1,95,000 | 19,500 | 3,93,900 | 2,16,679/- |

ഈ ഗ്രൂപ്പുകൾ വിത്തു വാങ്ങിയതിന്റെ വൗച്ചർ, കൂലി നല്കിയത് സംബന്ധിച്ച വൗച്ചർ, ജൈവ വളത്തിന്റെ വില നല്കിയത് സംബന്ധിച്ച വൗച്ചർ, കീട നാശിനി വാങ്ങിയത് സംബന്ധിച്ച വൗച്ചർ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.05/31.10.2017 പ്രകാരം മുഴവൻ ചെലവ് വൗച്ചറുകളും ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ സബ്സിഡി ഇനത്തിൽ നൽകിയ 2,16,679/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 വാഴക്കന്നുകൾ വാങ്ങിയതിന്റെ വൗച്ചറുകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | കേരഗ്രാമം-ഇടവിളകൃഷി-വാഴകന്ന് വിതരണം(2016-17) |
| പ്രൊജക്റ്റ് നമ്പർ | 42/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.ഡയരക്ടർ,കൃഷി |
| ചെലവ് തുക | 7,77,194 രൂപ(വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ /തീയതി | 6/16-17തീയതി 31.03.2017= 7,77,194രൂപ |

നേന്ത്ര വാഴകൃഷി നടത്തുന്നതിനായി വിവിധ ഗ്രൂപ്പുകൾക്ക്, വാഴക്കന്നുകൾ വാങ്ങുന്നതിന് സബ്സിഡി നല്കി നേന്ത്ര വാഴ കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്നതാണ് മേൽ പ്രൊജക്റ്റ്കൊണ്ട് വിഭാവനം ചെയ്തത്. താഴെ പറയുന്ന 8 ഗ്രൂപ്പുകൾക്കാണ് ഈ പദ്ധതി പ്രകാരം വാഴക്കന്നുകൾ വാങ്ങി നല്കിയത്. ഇതിൽ നാളികേര ഉല്പാദക സംഘം, തന്നോട്ട് എന്ന സംഘത്തിനും വാഴക്കന്നുകൾ വാങ്ങിയ ഇനത്തിൽ സബ്സിഡി നല്കിയിട്ടുണ്ട്.എന്നാൽ ഈ സംഘം വാഴക്കന്നുകൾ വാങ്ങിയതിന്റെ വൗച്ചർ, ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗ്രൂപ്പിന്റെ പേര് | വാഴകന്നുകളുടെ എണ്ണം | വാഴകന്നുകളുടെ ആകെ വില(രൂപ) | സബ്സീഡി ഇനത്തിൽ നൽകിയ തുക(രൂപ) |
|---|---|---|---|---|
| 1 | കൈരളി നാളികേര വികസന സമിതി | 6,908 | 1,03,620 | 77,715 |
| 2 | കേരോല്പാദക സംഘം,മുക്കോട്ട് | 6,908 | 1,03,620 | 77,715 |
| 3 | നാളികേര ഉല്പാദക സംഘം,രാമഗിരി | 6,908 | 1,03,620 | 77,715 |
| 4 | നാളികേര ഉല്പാദക സംഘം,കാരക്കുഴി | 6,908 | 1,03,620 | 77,715 |
| 5 | നാളികേര ഉല്പാദക സംഘം, തന്നോട്ട് | 6,908 | 1,03,620 | 77,715 |
| 6 | തിരു വക്കോലി കേരസൗഹൃദ നാളികേര ഉല്പാദക സംഘം | 11,517 | 1,72,755 | 1,29,566 |
| 7 | മുടിയാക്കൽ കേരസൗഹൃദ നാളികേര ഉല്പാദക സംഘം | 11,517 | 1,72,755 | 1,29,566 |

| | | | | |
|---|---|---|---|---|
| 8 | കോപ്പൽ കേരസൗഹൃദ നാളികേര ഉല്പാദക സംഘം | 11,517 | 1,72,755 | 1,29,566 |
| | ആകെ | | 10,36,260/- | 7,77,194/- |

ഓഡിറ്റ് അന്വേഷണം നം.06/31.10.2017 പ്രകാരം നാളികേര ഉല്പാദക സംഘം, തന്നാട്ട്, വാഴക്കന്നുകൾ വാങ്ങിയതിന്റെ വൗച്ചർ, ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ സംഘത്തിന് സബ്സിഡി ഇനത്തിൽ നൽകിയ 77,715/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 123/2017 |
| പ്രോജക്ടിന്റെ പേര് | കേരവികസന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയരക്ടർ-കൃഷി |
| ചെലവ് തുക | 50,000 രൂപ (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ തീയതി | 7/2017 തീയതി 31.03.2017 |

മേൽ പദ്ധതി പ്രകാരം കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് ഒരു തെങ്ങിന് 500 രൂപ നിരക്കിൽ 100 തെങ്ങുകൾ മുറിച്ച മാറ്റുന്നതിനായി 50,000 രൂപ അസിസ്റ്റന്റ് ഡയരക്ടർ ബിൽ പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഈ തുകകേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റിയ ഇനത്തിൽ മുണ്ടോട്ട് നാളികേര സമിതി പ്രസിഡണ്ടിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റായി നല്കിയിട്ടുണ്ട്. എന്നാൽ ഈ തുക തെങ്ങുകളുടെ ഉടമസ്ഥരായ കർഷകർക്ക് ലഭിച്ചത് സംബന്ധിച്ച കൈപ്പറ്റ് രശീതികളോ, കർഷകരുടെ അക്കൗണ്ടിലേക്ക് 50,000/- രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത് സംബന്ധിച്ച രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മുറിച്ചുമാറ്റിയ തെങ്ങുകൾ ഏതൊക്കെ കർഷകരുടേതാണ് എന്നും ഓരോ കർഷകന്റെയും എത്ര തെങ്ങുകൾ മുറിച്ചുമാറ്റി എന്നുമുള്ള രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ജി.ഒ.(എം.എസ്.) 4/2016 ത.സ്വ.ഭ.വ. 11.01.2016 സബ്സിഡി മാർഗരേഖ അനുസരിച്ച് നാമ മാത്ര കർഷകർക്ക് മാത്രമാണ് ഈ സബ്സിഡിക്ക് അർഹതയുള്ളത്. മാത്രവുമല്ല ഈ പദ്ധതി സബ്സിഡി മാർഗരേഖ അനുസരിച്ച് ഗ്രൂപ്പായി ആനുകൂല്യം നല്കാവുന്ന ഒന്നല്ല. പദ്ധതി പ്രകാരം മുറിച്ചുമാറ്റിയത് നാമ മാത്ര കർഷകരുടെ തെങ്ങുകൾ തന്നെയാണോ എന്നത് സംബന്ധിച്ചുള്ള തെളിവുകളും ഓഡിറ്റിന് ഹാജരാക്കിയില്ല. ഓഡിറ്റ് അന്വേഷണം നം.07/31.10.2017 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ സബ്സിഡി ഇനത്തിൽ നൽകിയ 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 കാർഷിക കർമ്മസേനക്ക് ടില്ലർ വാങ്ങി നൽകൽ-അപാകത

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S. 178/15 |
| പ്രൊജക്റ്റിന്റെ പേര് | കാർഷീക കർമ്മസേനക്ക് ടില്ലർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി ഡയരക്ടർ -കൃഷി |
| ചെലവ് തുക | 2,51,528 രൂപ (വികസനഫണ്ട് -ജനറൽ) |
| ബിൽ നമ്പർ/ തീയതി | 03/2016-17തീയതി 31.3.2017 |

കാർഷിക കർമ്മസേനക്ക് ടില്ലർ വാങ്ങി നൽകൽ എന്ന പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി മേൽ ബിൽ പ്രകാരം പിൻവലിച്ച 2,51,528/- രൂപ ഉപയോഗിച്ച് 2 ടില്ലറുകൾ റെയ്ഡ്കോ, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസി ഡയരക്ടർ വാങ്ങുകയുണ്ടായി. (ഇൻവോയിസ് നമ്പർ-14491/2016-17 തീയതി 16.03.2017). ജി.ഒ.(എം.എസ്.) 4/2016 ത.സ്വ.ഭ.വ. തിയ്യതി 11.01.2016 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് കർഷക സഹകരണസംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖരസമിതികൾ, രജിസ്റ്റർ ചെയ്ത വനിതാ കർഷക സംഘങ്ങൾ എന്നിവയ്ക്ക് നൽകുന്ന ടില്ലറുകളുടെ ഉടമസ്ഥത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കേണ്ടതും കർമ്മസേന ആയത് വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതുമാകുന്നു. എന്നാൽ മേൽ ബിൽ പ്രകാരം പിൻ വലിച്ച തുക ഉപയോഗിച്ച് വാങ്ങിയ 2 ടില്ലറുകൾ പെരുന്തട്ട കർഷക കർമ്മസേന-പനയാൽ , കർഷക കർമ്മസേന മലച്ചേരി എന്നിവയ്ക്ക്, ഈ കർമ്മസമിതിയുടെ സമിതിയുടെ സെക്രട്ടറിമാർ സമർപ്പിച്ച നൂറ് രൂപ മുദ്ര പത്രത്തിൽ ഒപ്പുവെച്ച സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകുകയാണ് ചെയ്തിട്ടുള്ളത്. ഈ സമ്മതപത്രത്തിൽ ഒരിടത്തും ടില്ലറുകളുടെ ഉടമസ്ഥത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ടില്ലറുകളുടെ ഉടമസ്ഥാവകാശം പാടശേഖര സമിതികൾക്കല്ല മറിച്ച് ബ്ലോക്ക് പഞ്ചായത്തിന് തന്നെയാണ് എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ മേൽ മാർഗരേഖപ്രകാരം സ്വകാര്യ വ്യക്തികൾ ഈടാക്കുന്ന വാടകയെക്കാൾ 25% കുറഞ്ഞ നിരക്കിലുള്ള വാടകമാത്രമേ കർഷകരിൽ നിന്നും ടില്ലറുകളുടെ വാടകയിനത്തിൽ ഈടാക്കുകയുള്ളൂ എന്നും കരാറിൽ വ്യവസ്ഥ ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട അത്തരം ഒരു വ്യവസ്ഥ കർമ്മസമിതിയുടെ സെക്രട്ടറിമാർ ഒപ്പിട്ട് നൽകിയ മേൽ സമ്മതപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പു സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് അന്വേഷണം -8/31.10.2017 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,51,528/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 പത്ര പരസ്യത്തിന് അധികനിരക്ക് നൽകിയത്

ജി.ഒ(ആർ.ടി)288/2014/പി&എ.ആർ.ഡി 10-09-14 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്ക് എഡിഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച് പരസ്യങ്ങൾ പി &എ.ആർ.ഡി. വകുപ്പ് മുഖേന നല്കിയാലും നേരിട്ട് നല്കിയാലും 15 % ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പത്ര പരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ തുകയിൽ 15% കുറവ് ലഭിച്ചിട്ടില്ല.

| പത്രത്തിന്റെപേര് | പത്രസ്ഥാപനത്തിന്റെബിൽ നം/തിയ്യതി | നിരക്ക് | നീളംx വീതി | നല്കിയ തുക (രൂപ) | വൗച്ചർ നം./ ചെക്ക് നം./തീ. | നൽകേണ്ട തുക(രൂപ) | അധികം നല്കിയതുക(രൂപ) |
|---|---|---|---|---|---|---|---|
| ദേശാഭിമാനി | 2016102604/ 29-10-2016 | 160 | 4x2 | 5,120 | 1193760/16-12-2016 (3,348രൂപ) | 4,352 | 768 |
| ' ' | 2016113209/ 04-11-2016 | 160 | 4x2 | 5,120 | ' ' | 4,352 | 768 |
| ' ' | 2016113630/ 6-11-2016 | 160 | 5x2 | 6,400 | ' ' | 5,440 | 960 |

| | | | | | | | |
|---|---|---|---|---|---|---|---|
| ' ' | 2016113759/ 08-11-2016 | 160 | 4x2 | 5,120 | ' ' | 4,352 | 768 |
| ' ' | 2016115539/ 24-11-2016 | 160 | 6x2 | 7,680 | " | 6,528 | 1,152 |
| ' ' | 2016129438/ 22-12-2016 | 160 | 5x2 | 6,400 | 1193777/13-01-2017 (8,072രൂപ) | 5,440 | 960 |
| ' ' | 2017013793/ 21-01-2017 | 160 | 6X2 | 70680 | 1193906/14-03-2017 (10717രൂപ) | 6,528 | 1,152 |
| ' ' | 2016052307/ 11-05-2016 | 160 | 4x2 | 50120 | 1193270/17-06-2016 (70165 രൂപ) | 4,352 | 768 |
| ആകെ | | | | 48,640 | | 41,344 | 7,296 |

അസി. എക്സി.എൻജിനിയർ പത്രപരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ മേൽ ഉത്തരവ് പ്രകാരമുള്ള 15% ഇളവ് കുറവ് ചെയ്യാതെ ബിൽ തുക മുഴുവൻ നല്കിയതിനാൽ 7,296/- രൂപയുടെ അധികചെലവുണ്ടായി. ആയതിനാൽ അധികചെലവ് 7,296/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 3-9 മെഡിക്കൽ ഓഫീസർ -സി എച്ച് സി പെരിയ - സ്റ്റോക്ക് രജിസ്റ്റർ അപാകതകൾ

കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 149, 150 എന്നിവയിൽ ഫർണിച്ചർ, ബുക്കുകൾ,സ്റ്റേഷനറികൾ, ഉപകരണങ്ങൾ തുടങ്ങി വിവിധയിനങ്ങൾക്ക് പ്രത്യേകം പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് പറയുന്നുണ്ടെങ്കിലും സി. എച്ച്. സി .പെരിയയിൽ ഫാർമസിയിൽ സൂക്ഷിക്കുന്ന മരുന്നിൻെറ സ്റ്റോക്ക് രജിസ്റ്ററിലാണ് എല്ലായിനങ്ങളുടെയും സ്റ്റോക്ക് രേഖപ്പെടുത്തുന്നത്. ഓരോയിനത്തിനും പ്രത്യേക പേജുകൾ നൽകാതെ, വാങ്ങുന്ന സാധനങ്ങൾ തുടർച്ചയായി ചേർക്കുന്നതിനാൽ എന്തെല്ലാം സാധനങ്ങളുണ്ട്, ഓരോയിനത്തിനും ആകെ എത്രയെണ്ണമുണ്ട്, തുടങ്ങിയ വിവരങ്ങൾ ലഭിയ്ക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. അതിനാൽ കേരളാ ഫിനാൻഷ്യൽ കോഡിൽ നിർദ്ദേശിച്ചിരിക്കുന്ന തരത്തിൽ ഫർണിച്ചറുകൾ, ഉപകരണങ്ങൾ, മരുന്നുകൾ, ബുക്കുകൾ തുടങ്ങിയ പ്രധാനപ്പെട്ടയിനങ്ങൾക്ക് പ്രത്യേകം പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകളും, ഓരോയിനത്തിനും പ്രത്യേകം പേജുകളും നൽകി സ്റ്റോക്കിലെടുക്കുന്ന തിയതി, ബിൽ/ഇൻവോയ്സ് നമ്പർ/തിയതി, സ്ഥാപനം, എണ്ണം, വില, ഉത്പന്നത്തിൻെറ തിരിച്ചറിയൽ നമ്പർ തുടങ്ങി എല്ലാവിവരങ്ങളും ചേർത്ത് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ഗ്രാമീണമാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും- നിഷ്ക്രിയ ആസ്തി

2014-15 വർഷത്തിലെ പദ്ധതി പ്രകാരം 2015-16 വർഷത്തിൽ പൂർത്തീകരിച്ച് 25.09.2015 ൽ ഉദ്ഘാടനം നടത്തിയ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിഷ്ക്രിയ ആസ്തിയായിരിക്കുകയാണ്. 48,73,131/- രൂപ ചെലവിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. രണ്ട് നിലകളിലായി ആകെ 10 മുറികളും, ഒരു ഹാളും ആണ് കെട്ടിടത്തിൽ ഉള്ളത്. മുറികൾ വാടകയ്ക്ക് നൽകാനും, ഹാൾ

പരിശീലനകേന്ദ്രം നടത്താനും ആണ്.

പക്ഷെ ഉദ്ഘാടനം കഴിഞ്ഞ് രണ്ട് വർഷം കഴിഞ്ഞിട്ടും ഈ 10 മുറികൾ വാടകയ്ക്ക് നൽകുന്നതിനായി ഒരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അതുപോലെ ഇവിടെ സ്വയംതൊഴിൽ പരിശീലനം കേന്ദ്രം തുടങ്ങാൻ 2015-16 ലെ വ്യവസായവികസന ഓഫീസറുടെ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 9,02,578/- രൂപ ചെലവഴിച്ച് കമ്പ്യൂട്ടർ പരിശീലനം, തയ്യൽ പരിശീലനം എന്നിവ നടത്തുന്നതിലേയ്ക്കായി കമ്പ്യൂട്ടറുകൾ, തയ്യൽ മെഷീനുകൾ, മറ്റ് ഫർണിച്ചറുകൾ എന്നിവ ചുവടെ ചേർത്തപ്രകാരം സിഡ്കോയിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്. (സ്വയംതൊഴിലിന് കമ്പ്യൂട്ടർ പരിശീലനം എന്നത് പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമാണ്)

| ക്രമ.നം | ഇനം | എണ്ണം |
|---|---|---|
| 1 | സെർവ്വർ കമ്പ്യൂട്ടർ HP | 1 |
| 2 | ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ - acer | 10 |
| 3 | യു.പി.എസ് 1 kv, ബാറ്ററി | 1 |
| 4 | യൂ.പി.എസ് 600 w | 10 |
| 5 | പ്രിന്റർ (കാനൻ) | 1 |
| 6 | Lan-and other accessories -modem ect.. | 1 |
| 7 | എൽ.സി.ഡി പ്രൊജക്ടർ (ഡെൽ)9,02,578/- രൂപ ചെലവഴിച്ച് | 1 |
| 8 | സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ | 11 |
| 9 | സ്റ്റീൽ കമ്പ്യൂട്ടർ ചെയർ | 11 |
| 10 | തയ്യൽ മെഷീൻ + accessories | 8 |
| 11 | ഓവർ ലോക്ക് തയ്യൽ മെഷീൻ + accessories9,02,578/- രൂപ ചെലവഴിച്ച് കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും | 1 |
| 12 | എംബ്രോയ്ഡറി തയ്യൽ മെഷീൻ+ accessories | 1 |
| 13 | അയൺ ബോക്സ് | 1 |
| 14 | പ്ലയിൻ ടേബിൾ (അഞ്ഞിലി മരം) 6x3 ft | 1 |
| 15 | പ്ലയിൻ ടേബിൾ (അഞ്ഞിലി മരം) 3x2 ft | 1 |
| 16 | സ്റ്റൂൾ (അഞ്ഞിലി മരം) | 12 |
| 17 | സ്റ്റീൽ കാബിനറ്റ് യു.പി.എസ് 1 kv, ബാറ്ററി | 2 |
| 18 | സ്റ്റീൽ വിസിറ്റേഴ്സ് ചെയർ (കുഷ്യൻ) - | 7 |
| 19 | ജൂനിയർ ഓഫീസേഴ്സ് ടേബിൾ (അഞ്ഞിലി മരം) | 2 |
| 20 | ജഫേഴ്സൻ ചെയർ | 10 |

ഓഡിറ്റ് ടീം പരിശീലനകേന്ദ്രത്തിന്റെ ഇന്നത്തെ അവസ്ഥ പരിശോധിക്കാനായി കേന്ദ്രം സന്ദർശിച്ചപ്പോൾ 9,02,578/- രൂപ ചെലവഴിച്ച് വാങ്ങിക്കൂട്ടിയ ഈ ഉപകരണങ്ങളെല്ലാം ഇന്ന് നാശത്തിന്റെ വക്കിലാണ് എന്നാണ് കണ്ടെത്തിയത്. ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകൾ മുഴുവൻ സ്ഥാപിച്ചിട്ടുണ്ട്, അവ മേശയിൽ പൊടിപിടിച്ച് കിടക്കുന്നു. അതുപോലെ യു.പി.എസ്, പ്രിന്റർ, തയ്യൽമെഷീൻ എന്നിവയും പൊടിപിടിച്ച് കിടക്കുകയാണ്. 1 kv യു.പി.എസിന്റെ ബാറ്ററി ഉപയോഗശൂന്യമായിട്ടുണ്ടാവും. പല ഉപകരണങ്ങളുടെയും വാറണ്ടി കാലാവധി തീർന്നിരിക്കയാണ്. ആകെ

57,75,709/- രൂപ ചെലവഴിച്ച് ഉണ്ടാക്കിയ കെട്ടിടവും മറ്റ് ഉപകരണങ്ങളും ഇന്ന് നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും യാഥാർത്ഥ്യമാക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഉദുമ ഗ്രാമപഞ്ചായത്ത് | 2016-17 | 5,00,000/- | ഐ.സി.ഡി.എസ്(അഡീഷണൽ) ഉദുമ കെട്ടിടനിർമാമണം- ഉദുമ,പള്ളിക്കര, പുല്ലൂർ-പെരിയ | 0 | 5,00,000/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ആകെ വായ്പ തുക (31-03-17 വരെ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭ്യമായ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| IAY ഭവന നിർമ്മാണം - സംസ്ഥാനവിഹിതം നൽകൽ | സ.ഉ(എം.എസ്) നം. 90/13/തസ്വഭവ, തിയ്യതി. 14.3.13 | 50,00,000/- (പനയാൽ സഹകരണബാങ്ക്) | 66,50,051/- | 0 | 50,00,000/- | 16,50,051/- | ഇല്ല |
| | | 31,00,000/- (പള്ളിക്കര സഹകരണബാങ്ക്) | 41,06,657/- | 0 | 31,00,000/- | 10,06,657/- | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,15,58,618/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,20,97,457/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,296/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,78,122/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | - | 7,296/- | പി.കെ.കമലാക്ഷൻ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,28,350/- | ബേബി.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ, സി.ഡി.പി.ഒ(I/C) |
| 3-2 | 6,00,000/- | സുമ.ടി.എസ്, സി.ഡി.പി.ഒ |
| 3-3 | 2,53,850/- | സുമ.ടി.എസ്, സി.ഡി.പി.ഒ |

| | | |
|---|---|---|
| 3-4 | 2,16,679/- | സജനിമോൾ.കെ, അസി.ഡയറക്ടർ, കൃഷി |
| 3-5 | 77,715/- | സജനിമോൾ.കെ, അസി.ഡയറക്ടർ, കൃഷി |
| 3-6 | 50,000/- | സജനിമോൾ.കെ, അസി.ഡയറക്ടർ, കൃഷി |
| 3-7 | 2,51,528/- | സജനിമോൾ.കെ, അസി.ഡയറക്ടർ, കൃഷി |
| ആകെ | 18,78,122/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ ഖണ്ഡിക

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.കെ.കമലാക്ഷൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞങ്ങാട് | അച്ചൂസ്,കാലിക്കടവ്, പിലിക്കോട്(പി.ഒ) കാസറഗോഡ് ജില്ല<br>671310 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/594/15(2) തീയ്യതി 16-09-15 | 4 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 6/594/15(3) തീയ്യതി 16-09-15 | 1 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 6/594/15(4) തീയ്യതി 16-09-15 | 4 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 6/594/15(5) തീയ്യതി 16-09-15 | 7 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 6/594/15(6) തീയ്യതി 16-09-15 | 3 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 6/594/15(7) തീയ്യതി 16-09-15 | 2 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 6/594/15(8) തീയ്യതി 16-09-15 | 5 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 6/594/15(9) തീയ്യതി 16-09-15 | 2 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 6/594/15(10) തീയ്യതി 16-09-15 | 2 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 6/594/15(11) തീയ്യതി 16-09-15 | 1 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/594/15(12) തീയ്യതി 16-09-15 | 2 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി 6/594/15(13) തീയ്യതി 16-09-15 | 5 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി 6/564/15 (14) തീയ്യതി 16-09-15 | 6 |
| 2010-11 to 2012-13 | എൽ.എഫ്.കെ.എസ്.ഡി 6/109/2015 തീയ്യതി 13-02-2015 | 6 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി 8/1030/2015 തീയ്യതി 05-11-15 | 8 |
| 2014-15 to 2015-16 | കെ.എസ്.എ.കെ.എസ്.ഡി 8/1031/2016 തീയ്യതി 14-10-16 | 16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

സീയാർ/-

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി. 8/1145/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് -671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 04994-256690.

തീയതി : 14-11-2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 1-3 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

.

## AUDIT CERTIFICATE

No. KSA -KSD.8/1145/2017.

Kerala State Audit Department,

District Audit Office, Kasaragod-671123.
e-Mail : doksd.ksad@kerala.gov.in
Phone : 04994256690.

Phone: 0499-4256690
Dated: 14-11-2017.

Certified that, I have audited the Annual Financial Statement of Kanhangad Block Panchayat in Kasaragod District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kanhangad Block Panchayat for the year 2016-17 except the

observations in Para 1-3 of my Audit Report , properly presents the picture of income and expenditure.

Senior Deputy Director,
Kerala State Audit Department,

District Audit Office, Kasaragod.